LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന ഭരണാനുമതി

340 (1029) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള കൊയിലാണ്ടി ഐ.ടി..ഐ.-യിൽ ഈ സർക്കാരിന്റെ കാലയളവിൽ പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം കെട്ടിട നിർമ്മാണത്തിനായി ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; നിർമ്മാണ ചുമതല ഏറ്റെടുത്തിരിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ കൊയിലാണ്ടി നഗരസഭാ പരിധിയിൽ കുറുവങ്ങാടി പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന് 6-2-2014-ലെ സ.ഉ. (ആർ.ടി.) നം. 217/2014/പജപവവിവ ഉത്തരവിലൂടെ 155 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) ഭരണാനുമതി നൽകിയതിനുശേഷം ടെന്റർ ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കഴിയാതെ വരികയും 2013 ഷെഡ്യൂൾ റേറ്റ് നിലവിൽ വരുകയും ചെയ്തു. തന്മൂലം വർക്ക് പൂർത്തീകരിക്കാനനുവദിച്ച 155 ലക്ഷം രൂപയ്ക്ക് പുറമെ 10.25 ലക്ഷം രൂപ കൂടുതൽ വേണമെന്ന് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ അധിക തുക ആവശ്യപ്പെട്ടതിനാലും 1-4-2014 മുതൽ 2014-ലെ ഷെഡ്യൂൾ റേറ്റ് നിലവിൽ വന്നതിനാലും കോർപ്പറേഷന്റെ ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. തുടർന്ന് എത്രയും വേഗം പ്രവൃത്തി ചെയ്യുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധികൃതരുമായി 20-12-2014-ന നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ 2014 ഷെഡ്യൂൾ റേറ്റ് പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തയ്യാറാക്കിയ എസ്റ്റിമേറ്റ് 30-8-2015-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിക്കുകയും 6-10-2015-ലെ സ.ഉ. (സാധാ.) നമ്പർ 1637/2015/എസ്.സി.എസ്.ടി.ഡി.ഡി. പ്രകാരം കുറവങ്ങാട് ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിനുള്ള 1,93,00,000 രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കുറവങ്ങാട് ഐ.ടി.ഐ.യുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തിരിക്കുന്നത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്.

പട്ടികജാതി സ്വയം സഹായ സംഘങ്ങൾ

341 (1030) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് ഈ സർക്കാർ വന്നതിന് ശേഷം ഓരോ വർഷവും എത്ര രൂപ നീക്കിവച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര സംഘങ്ങൾ സഹായത്തിനായി നാളിതുവരെ അപേക്ഷ നൽകിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) സംഘങ്ങൾക്ക് എത്ര രൂപ വീതം നൽകിയെന്ന് വിശദമാക്കുമോ ;

(ഡി) സഹായം അനുവദിച്ചിട്ടില്ലാത്ത സംഘങ്ങളുടെ വിവരവും അതിന്റെ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുകയും ചെയ്യുന്നു. 2014-15 സാമ്പത്തിക വർഷം 439 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 540 ലക്ഷം രൂപയും പദ്ധതി നടത്തിപ്പിലേക്കായി ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധം 1 ആയി ചേർക്കുന്നു*.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly